3

# പ്രാർത്ഥന എന്തല്ല...

പ്രാർത്ഥന ആന്തരികമാണ്. അത് പ്രചുരപ്രചാരത്തിലിരിക്കുന്നതാണ്. മതം ആന്തരികമാണ്. മതപരമായ ബുക്ക് ഷോപ്പുകൾ വർഷത്തിൽ $4 ബില്യൻ വിറ്റുവരവ് ഉാക്കുന്നു. തോന്നലുകൾ ആന്തരികമാണ്. നിഗൂഢത ആന്തരികമാണ്. പ്രാർത്ഥനാസെമിനാറുകളും ധ്യാനങ്ങളും നടത്തപ്പെടുന്നു. പ്രാർത്ഥനാപ്രാതലുകൾ പ്രചാരമുള്ളതാണ്. പ്രാർത്ഥനാക്രൂസേഡുകളിൽ ആയിരക്കണക്കിനാളുകൾ സംബന്ധിക്കുന്നു. സമ്പൽസമൃദ്ധിയുള്ള സുവിശേഷ പ്രാസംഗികർ പ്രാർത്ഥനാപോരാളികളെ നിയോഗിക്കുന്നു്. പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെന്തും നിങ്ങൾക്കു ലഭിക്കും എന്നുള്ളത് ഇന്ന് ആളുകളെ ഇളക്കിയിരിക്കുന്നു. അത് രസിപ്പിക്കുന്നതിനേക്കാൾ കൂടുതൽ കലക്കത്തിലാക്കുന്നു. ഇത്തരത്തിലുള്ള മതപരമായ ഉത്സാഹങ്ങളിൽ നമുക്ക് സന്തോഷിക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല.

*ഓർമ്മിക്കുക,* ദൈവം നൽകുന്നു ... സാത്താന് ക്രിത്രിമമായതു മാത്രമേ നൽകുവാൻ കഴിയുന്നുള്ളൂ. മതപരമായ ആളുകൾ ദൈവ ത്തെ കുറിച്ചു സംസാരിക്കുന്നു, എന്നാൽ ബൈബിളിലെ ദൈവത്തെ അല്ല താനും. ഇന്ന നേകം പേർക്ക് അന്ധവിശ്വാസങ്ങളിൽ ഉള്ള വിശ്വാസമാണുള്ളത്, എന്നാൽ ബൈബിളിൽ പറയുന്ന വിശ്വാസമല്ല അത്. അനേകം പേർ പ്രാർത്ഥനയെ ചൂഷണം ചെയ്യുന്നു എന്നാൽ ബൈബിളിലെ പ്രാർത്ഥന അല്ല. പല തീർച്ചയുള്ള പ്രശ്നങ്ങളും ചർച്ച ചെയ്യണം.

പ്രാർത്ഥന മാന്ത്രികമല്ല. അതിൽ ഒരു നിഗൂഢ ശക്തിയുമില്ല. പ്രാർത്ഥന ഒരു എളുപ്പ വഴിയല്ല. പ്രാർത്ഥനയുടെ നേട്ടത്തെ ദുർവിനിയോഗം ചെയ്യരുത്. എല്ലാ കാര്യങ്ങളെ കുറിച്ചുമുള്ള, പ്രാർത്ഥന, സാത്താന്റേതായി ചുരുക്കരുത്. പ്രാർത്ഥന സ്വാർത്ഥതയോ നിഗളമോ അല്ല. പ്രാർത്ഥനയിൽ സമ്പൽസമൃദ്ധിയെ ബന്ധിപ്പിക്കുന്നത് അപകടകരമാണ്! പ്രാർത്ഥിച്ചാൽ ധനികരാകുമെന്ന വാഗ്ദാനം യോജിക്കുന്നതല്ല. ദൈവത്തെ ബാലദൂതനിലേക്ക് ചുരുക്കുന്നത് മതനിന്ദയാണ്. എങ്ങനെ ഒരാളിൽ തട്ടിപ്പു നടത്താം എന്നതിലേക്ക് പ്രാർത്ഥനയെ ചുരുക്കുന്നത് കഥയില്ലാത്ത ഒന്നാണ്.

പ്രാർത്ഥന എന്നത് ഒരു ഉത്തരവാദിത്വം പൂർത്തീകരിക്കാത്തതിനുള്ള ഒഴികഴിവ്[1] അല്ല. ഒരാൾക്കുവേി പ്രാർത്ഥിക്കുന്നത് അയാളുടെ അടുക്കൽപോയി സംസാരിക്കുന്നതിനേക്കാൾ എളുപ്പമാണ്. വിശ്വാസ പ്രാർത്ഥന എന്നത് യേശുവിലേക്ക് ഏൽപ്പിച്ചുകൊടുക്കൽ അല്ല. പ്രാർത്ഥന ചിന്തക്ക് പകരമല്ല. പ്രാർത്ഥന പ്രവൃത്തികൾക്കും പകരമാകുന്നില്ല. പ്രാർത്ഥിക്കാൻ ഒരു സമയമു്! പ്രാർത്ഥന നിർത്തി പ്രവർത്തിക്കുവാനും ഒരു സമയമു്! വളരെ പേർ ഏകാന്തസ്ഥലത്ത് പ്രാർത്ഥനക്കായി പോകുകയും മടങ്ങിവന്ന് അതിനെ കുറിച്ച് നല്ല ചിന്തകൾ മാത്രമായി ഒതുങ്ങി പ്രവർത്തിക്കാതെ ഇരിക്കുന്നു! പ്രാർത്ഥന ഒരിക്കലും കുറ്റമുള്ള മനഃസാക്ഷിക്കുള്ള ശമനൗഷധം അല്ല. *ദൈവത്തിന്* മാത്രം *ചെയ്യുവാൻ* കഴിയുന്ന പ്രവർത്തികളു്. *ഞാൻ* തന്നെ *ചെയ്യേ തായ* പ്രവർത്തികളുമു്! പുതിയ മതത്തിനോ, പ്രവണതയ്ക്കോ വിശ്വസ്തതക്കു പകരമാകുവാൻ കഴിയുകയില്ല!

പ്രാർത്ഥന നമുക്ക് നന്നായി എന്നു തോന്നിയേക്കുകയില്ല. പ്രാർത്ഥനയെ കുറിച്ചു നിരവധി ഉയർന്ന അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തി നമ്മെ അതിശയിപ്പിക്കുന്ന ധാരാളം പുസ്തകങ്ങൾ ഇറക്കിയിട്ടു്. അതു പുസ്തകം വില്ക്കുവാൻ ഉപകരിച്ചേക്കാം, പക്ഷെ ബൈബിൾ അനുസരിച്ചായിരിക്കയില്ല. ബൈബിളിലെ ആളുകൾ മുഖം കുനിക്കുകയോ അല്ലെങ്കിൽ മുട്ടിന്മേൽ നില്ക്കുകയോ ചെയ്തവരാണ്. അവർക്കു അനുഭവകൂമ്പാരമൊന്നുമില്ലായിരുന്നു അവിടെ! മരണവേദനയിലായ, യേശു പ്രാർത്ഥിക്കുമ്പോൾ, വിയർപ്പു രക്തത്തുള്ളികൾ പോലെ വീണു! അവനു അവിടെ അനുഭവകൂമ്പാരമില്ലായിരുന്നു. പ്രാർത്ഥനയും നല്ല വികാരവും തമ്മിൽ ഒന്നിക്കുകയില്ല! പ്രാർത്ഥന യാഗമാണ് ... പ്രാർത്ഥന അവസാനിക്കുന്നത് കഷ്ടതയിലായിരിക്കാം.

പ്രാർത്ഥന മതപരമായി ഒരാൾ മറ്റുള്ളവരെക്കാൾ ഉയർന്നതായി തോന്നിപ്പിക്കുകയില്ല. പുണ്യവാളനെ പോലെ ഭക്തി നടിക്കുന്നവർ, ചിന്തിക്കുകയും, ആത്മാർത്ഥത കാണിക്കുകയും, കരുതുകയും ചെയ്യുന്നതിനു പകരം, മറ്റുള്ളവരെ വെറുതെ താഴ്ത്തിക്കളയുന്നു: ഞാൻ അതിനെക്കുറിച്ചു പ്രാർത്ഥിച്ചിട്ടു്! ആ പ്രതികരണം അർത്ഥമാക്കുന്നതു അവരോടു തർക്കിക്കുന്നവർ ദൈവത്തോടു മല്ലിടുകയാണ് എന്നത്രേ! *ഭയപ്പെടുത്തുന്നു*! വളരെ മതപരമായി സംസാരിക്കുന്നവരെ ഞാൻ ഭയപ്പെടുന്നു: നിങ്ങളേക്കാൾ ഉയർന്ന ആത്മീയ നിലവാരമുള്ളതുകൊ്, ഞാൻ അതിനെകുറിച്ചു പ്രാർത്ഥിക്കാം. പ്രാർത്ഥനയെകുറിച്ചു പ്രശംസിക്കുന്നതു താഴ്മയെ കുറിച്ചു നിഗളിക്കുന്നതുപോലെയാണ്! പ്രാർത്ഥനയുടെ പിന്നിൽ മറഞ്ഞിരിക്കുന്ന അത്തരം ആളുകളെ യേശു കപടഭക്തിക്കാർ എന്നാണ് വിളിച്ചത് (മത്തായി 6:1–18). പ്രാർത്ഥന താഴ്ത്തുന്നു. കൂടുതൽ പ്രാർത്ഥിക്കുന്തോറും, നിങ്ങൾ കൂടുതൽ പ്രാർത്ഥിക്കുവാൻ അറിയും.

പ്രാർത്ഥന കൗശലത്താൽ ഉപയോഗിക്കുവാൻ സാധിക്കും. ടെലിവിഷൻ ഉപദേഷ്ടാക്കന്മാർ ദിവസേന അതു ചെയ്യുന്നു്! അവർ നിങ്ങളുടെ പണം ചോദിക്കും, പിന്നെ പ്രാർത്ഥനയിൽ നിങ്ങളെ ലജ്ജിപ്പിക്കും. ഏതെങ്കിലും ഇടവകകളോട് ഞാൻ എന്തെങ്കിലും ആവശ്യപ്പെടുന്നുവെങ്കിൽ അതു എനിക്കുവേി പ്രാർത്ഥിക്കുവാനായിരിക്കും. സൂക്ഷിക്കുക! കാര്യപരിപാടികളെ വില്ക്കുക അല്ലെങ്കിൽ അവരുടെ വഴിക്കു കൊുവരിക എന്നതു, സഭാദ്ധ്യക്ഷന്മാരെ പ്രാർത്ഥനക്കു പിന്നിൽ മറച്ചു എളുപ്പത്തിൽ കൈകാര്യം ചെയ്യുവാൻ പരീക്ഷിക്കപ്പെടുന്നതാണ്. ബൈബിൾ അധികാരത്തിനോ ചിന്തക്കോ പകരമുള്ളതല്ല അതിനെകുറിച്ചു പ്രാർത്ഥിക്കുന്നത്. നിങ്ങളേക്കാൾ വിശുദ്ധി ഉള്ളവർഎന്നു കരുതുന്നവരെ സൂക്ഷിക്കുക. പ്രാർത്ഥന മുഖാന്തരം സഭയെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നവരെ സൂക്ഷിക്കുക. ദൈവത്തെയോ മനുഷ്യരെയോ ബൈബിൾ പ്രാർത്ഥന സ്വാധീനിച്ചു നിയന്ത്രിക്കുന്നില്ല. സ്വാധീനിക്കുന്നത് എല്ലായ്പോഴും തെറ്റാണ് പ്രത്യേകിച്ച് പ്രാർത്ഥനക്കു പിന്നിൽ മറഞ്ഞുനിന്ന്. ഞാൻ നിങ്ങൾക്കു വേി പ്രാർത്ഥിക്കാം എന്നു പറയുന്നത്, കുഴപ്പുാക്കുന്ന, അർത്ഥം, ഭയപ്പെടുത്തുന്ന ഒന്നാകാം.

പ്രാർത്ഥിക്കുക... ദൈവത്തോടു പ്രാർത്ഥിക്കുക.

---

കുറിപ്പു

[1]ചെയ്യാതിരുന്നതിനു ഒഴികഴിവു പറയുന്ന ഉച്ചാരണമാണ് കോപ്-ഔട്ട്.

# പ്രാർത്ഥനയിലെ പ്രശ്നങ്ങൾ

## മത്തായി 20:20 - 28

*അതിന്നു ഉത്തരമായി യേശു പറഞ്ഞു, നിങ്ങൾ യാചിക്കുന്നതു ഇന്ന തെന്നു നിങ്ങൾ അറിയുന്നില്ല (മത്തായി 20:22).*

നമ്മുടെ പ്രാർത്ഥനകൾ മറ്റുള്ളവരെ വേദനിപ്പിച്ചിട്ടുാേ? നമ്മുടെ പ്രാർത്ഥന കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ മോശമായതു കൂടുതൽ വഷളാക്കുകയോ ചെയ്തിട്ടുാേ? നമുക്ക് അതിനെ നേരിടാം! പല പ്രാർത്ഥ നകൾക്കും ചോദിച്ചതുപോലെ അല്ല ഉത്തരം ലഭിച്ചത്! സഹോദരൻ ജോൺസിന്റെ വയലിൽ എന്തുകൊാണ് പഞ്ഞി വിളയാത്തത്? ആളുകൾ സൂര്യപ്രകാശത്തിനുവേു പ്രാർ ത്ഥിച്ചാൽ പോലും, മഴയാണ് ലഭിക്കുന്നത്. ചിലർ ജീവിക്കേതിന്നു സഹോദരന്മാർ പ്രാർത്ഥിച്ചു, പക്ഷെ അവർ മരിച്ചു പോയി. യേശുവും പൗലൊസും പ്രത്യേകകാര്യങ്ങൾ നീങ്ങേതിനു മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു, മൂന്നു പ്രാവശ്യവും നിഷേധിച്ചു. ഇനിയും ചിന്തിക്കുക. നിങ്ങൾ യാചിച്ചതു ലഭിച്ചില്ല എങ്കിൽ പിന്നെ എന്തിനു തുടർച്ചയായി പ്രാർത്ഥി ക്കണം? പ്രാർത്ഥനക്കനുസരിച്ച് അനുഗ്രഹം നേടുവാൻ ശ്രമിക്കുന്ന സ്വാർത്ഥ രുടെ ചോദ്യമാണ് അത്! സ്വയം എളിയവരായി കരുതുന്ന മറ്റുള്ളവർ പ്രാർത്ഥിച്ച് അനുഗ്രഹം ലഭിക്കുന്നത് ലജ്ജാകരമായി കരുതുന്നു. അതാണ് പ്രാർത്ഥനയുടെ വിരോധാഭാസം, പ്രാർത്ഥനയിൽ ഉള്ള പ്രധാന മർമ്മം.

നാം എന്തു പഠിച്ചു? ശക്തി പ്രാർത്ഥനയിലല്ല, ദൈവത്തിലാണ്! ദൈവം പ്രാർത്ഥന-കേൾക്കുന്നവനും പ്രാർത്ഥനക്കു-മറുപടി നല്കുന്നവനുമാണ്. പ്രാർത്ഥന ശക്തിയുള്ളതാണ് കാരണം ദൈവം ശ്രദ്ധിക്കുകയും പ്രവർത്തി ക്കുകയും ചെയ്യുന്നു. ജ്ഞാനിയും, പ്രായമുള്ളതുമായ ഒരു സ്നേഹിതൻ പറഞ്ഞു, നിങ്ങൾ ദൈവത്തെ അന്വേഷിച്ചാൽ, നിങ്ങൾക്കു സഹായം ലഭിക്കും; എന്നാൽ നിങ്ങൾ ദൈവത്തെ കൂടാതെ സഹായം അന്വേഷിച്ചാൽ, നിങ്ങൾക്ക് ഒന്നും ലഭിക്കുകയില്ല. പ്രാർത്ഥന ദൈവത്തെ മാറ്റുമെന്ന ചിന്ത ദൈവത്തെ യും, മനുഷ്യ രെയും, പ്രാർത്ഥനയെയും കുറിച്ചു അയോഗ്യമായ ചിന്തക ളാണ് നല്കുന്നത്. ദൈവത്തിന്റേതിൽ നിന്നും ഉയർന്നതല്ല മനുഷ്യ മനസ്! സ്വർഗീയ തീരുമാനത്തിൽ ഉൾപ്പെടുന്നത് മനസിനെ-അമ്പരപ്പിക്കുന്നതും, താഴ്ത്തുന്നതും, ഭയങ്കരവുമാണ്! നമുക്ക് അതു തിരിച്ചറിയുവാൻ കഴിയട്ടെ! വേദശാസ്ത്രപരവും, യുക്തിപരവും, പ്രായോഗികവുമായ പ്രധാനപ്പെട്ട പ്രശ്ന ങ്ങൾ പ്രാർത്ഥനക്കു ചുറ്റുമു്. പ്രാർത്ഥന മനസിലാക്കുക എന്നാൽ ദൈവത്തെ മനസിലാക്കുകയാണ്. പ്രാർത്ഥന എത്ര നിസാരമായാലും, പ്രാർത്ഥ നയെ സംബന്ധിച്ച് നിസാരമായ ഒന്നുമില്ല!

ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ സമയം എടുക്കും! ബൈബിൾ പഠിക്കുവാൻ സമയം എടുക്കും; ആരാധിക്കുവാൻ സമയം എടുക്കും; വിശുദ്ധി പ്രാപിക്കുവാൻ സമയം എടുക്കും; പ്രാർത്ഥിക്കുവാനും സമയം എടുക്കും. എളിയവർക്കും, നിസഹായർക്കുമുള്ളതാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നാം, പ്രപഞ്ച സൃഷ്ടാവായ യഹോവയായ ദൈവത്തോടു സംസാരിക്കുകയാണ്.

ഒരു രാജാവിനോട്, പ്രസിദ്ധിയുള്ള, അറിയപ്പെടുന്ന ഒരു നായകനോട് ഒരാൾ എന്തു സംസാരിക്കും? സർവ്വശക്തനായ ദൈവത്തോടു ഒരാൾക്ക് എന്തു പറയാൻ കഴിയും? അത്തരം അറിവു എന്നെ അത്ഭുതപ്പെടുത്തുന്നു. ഞാൻ സംസാരിക്കുന്നതു, ദൈവം ശ്രദ്ധിക്കുന്നു! *അത്ഭുതാവഹം!* ദൈവം അതു *അനുവദിക്കുക* മാത്രമല്ല, അവൻ അതു *കല്പിച്ചിരിക്ക*യാണ്.

**എങ്ങനെ പ്രാർത്ഥിക്കണമെന്നു മനുഷ്യൻ അറിയുന്നില്ല**

എങ്ങനെ പ്രാർത്ഥിക്കണമെന്നു നമുക്ക് അറിയില്ല. എനിക്ക് എങ്ങനെ അറിയാം? ബൈബിൾ എന്നോടു അങ്ങനെ പറയുന്നു! ... കാരണം നമുക്ക് വേം പോലെ പ്രാർത്ഥിക്കേതു എന്തെന്നു നാം അറിയുന്നില്ല, ... (റോമർ 8:26). മത്തായി 20:20–28 വരെ ശ്രദ്ധിച്ചു വായിക്കുക. യാക്കൊബിനും യോഹന്നാനും മോശമായ ആഗ്രഹങ്ങൾ ഉായിരുന്നു. അവർ പ്ലാൻ തയ്യാറാക്കി; അവർ ഗൂഢാലോചന നടത്തി. അവർ ആഗ്രഹിച്ചതു ചെയ്യുവാൻ അവരുടെ അമ്മയെയും അവർ ചതിച്ചു! അതു ബാലിശമായിരുന്നു; ഉപദേശപരമായി അതു അസാധ്യമായിരുന്നു; അതു തെറ്റായിരുന്നു; അതു മറ്റുള്ളവരെ വ്യണപ്പെടുത്തും!

ജീവിതത്തിൽ അതു സത്യമാണ്: മനുഷ്യർ രാഷ്ട്രീയത്തെകുറിച്ചും, വലിയ വ്യാപാരത്തെകുറിച്ചും, സഭയുടെ കാര്യത്തെകുറിച്ചുപോലും പരാമർശിച്ച് തങ്ങളെത്തന്നെ തുടർച്ചയായി വിഡ്ഢികളാക്കാറു്. നാം എപ്പോഴാണ് പഠിക്കുന്നത്? മനുഷ്യരുടെ അറിവു വളരെ കുറവാണ് ഒരു വിരലുറയോളം പോലുമില്ല! വർത്തമാന പേപ്പറിലെ കാർട്ടൂണിനേക്കാൾ പ്രസാധകനുള്ള എഴുത്തുകളാണ് കൂടുതൽ രസിപ്പിക്കുന്നത്. മനുഷ്യൻ അറിയുന്നില്ല, അവനു കഴിയുന്നുമില്ല. ഇയ്യോ ബിനു പ്രയാസപ്പെട്ട പാഠം പഠിക്കണമായിരുന്നു. ദൈവവുമായി വാദിക്കാമെന്നാണ് അവൻ വിചാരിച്ചത്! അവന്റെ വായിൽ നിറയെ വാദഗതികളായിരുന്നു. പിന്നെ ദൈവം വന്നു! ദൈവം ചോദിക്കുവാൻ തുടങ്ങി. ജീവിതത്തെകുറിച്ചുള്ള ദൈവത്തിന്റെ അടിസ്ഥാനപരമായ ചോദ്യങ്ങൾക്കു പോലും ഉത്തരം പറവാൻ ഇയ്യോബിനു കഴിഞ്ഞില്ല. ഇയ്യോബ് മാനസാന്തരപ്പെട്ടു (ഇയ്യോബ് 40:3–5; 42:1–6). ഇയ്യോബ് തന്റെ പാഠം നന്നായി പഠിച്ചു. ദൈവം ദൈവമാണ്, മനുഷ്യൻ മനുഷ്യനും.

എന്നിരുന്നാലും, ദൈവം തന്റെ പ്രവൃത്തിയിലേക്കായി മനുഷ്യനെ സ്വാഗതം ചെയ്യുന്നു. പലരും വിചാരിക്കുന്നത് സ്വർഗം എന്നതു എന്നേക്കും ഒരു ക്വിസ് പ്രകടനം, അതായതു ദൈവം ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതാണെന്നാണ്! അതിൽ നിക്ഷേപിക്കാതിരിക്കുക! ഒരാൾ പറഞ്ഞു, ഞാൻ ദൈവത്തെ കാണുന്നതുവരെ അവനോടു ചോദിക്കുവാൻ എന്റെ കയ്യിൽ ഒരായിരം ചോദ്യങ്ങളു്! ദൈവത്തെ കത്തെുന്നതും ദൈവത്തിന്റെ ആഗ്രഹങ്ങളും നമ്മുടെ ആഗ്രഹങ്ങളേക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ്. പ്രാർത്ഥനയെ ബാലിശമായ അപേക്ഷയാക്കി ചുരുക്കരുതെന്ന പാഠം യാക്കൊബും യോഹന്നാനും പഠിക്കണമായിരുന്നു. പ്രാർത്ഥനയുടെ നേട്ടത്തെ കുടുംബം ചൂഷണം ചെയ്യരുത്. വിശുദ്ധന്മാർ പോലും ദൈവത്തെ സ്വന്ത താൽപര്യത്തിനായി സ്വാധീനിക്കരുത്. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുവാനും അതിനു ഉത്തരം നല്കുവാനും ആഗ്രഹിക്കുന്നു. പ്രാർത്ഥനയിൽ നാം ദൈവത്തെ *ഉപയോഗിക്കു*വാനല്ല, മറിച്ച് ദൈവത്തെ *അറിയുവാ*നാണ്ആഗ്രഹിക്കേത്! ദൈവത്തെ കൂടാതെ നമുക്ക് ദൈവശക്തിയോടു അടുക്കുവാൻ

സാധ്യമല്ല. അതാണ് പ്രശ്നം.

ഏതാനും പ്രാർത്ഥനക്കു മറുപടി ലഭിക്കയും മറ്റുള്ളവ നിഷേധിക്കപ്പെടുകയും ചെയ്തതു എന്തുകൊാണെന്നു മനസിലാക്കുക എന്നാൽ ദൈവമനസു (സർവ്വജ്ഞാനി) ഉാവുക എന്നതാണ്. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഹോവക്കുള്ളതാണ് (ആവർത്തനപുസ്തകം 29:29). ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നു. ദൈവം സൃഷ്ടികർത്താവാണ്; നാം സൃഷ്ടികളാണ്. പ്രാർത്ഥന മനസിലാക്കുക എന്നാൽ ദൈവമായി തീരുക എന്നാണ്. കൂടാതെ, മനുഷ്യർക്ക് എല്ലാം അറിയാമെങ്കിൽ, പിന്നെ എന്തിനു പ്രാർത്ഥിക്കണം? നാം ദൈവത്തിലാണോ അതോ നമ്മുടെ വിഗ്രഹാർപ്പിത പ്രാർത്ഥനയിലാണോ വിശ്വസിക്കുന്നത്? നാം ദൈവത്തിൽ വിശ്വസിക്കുകയാണെങ്കിൽ, പ്രാർത്ഥിച്ചു ശാന്തമായി കാത്തിരിക്കും. മനുഷ്യനു ദൈവമാണ് ആവശ്യം ... അല്ലാതെ വിശദീകരണങ്ങളല്ല. മനുഷ്യന്റെ ചെറിയ തലച്ചോറിൽ ഒതുങ്ങുന്നതല്ല വിശദീകരണങ്ങൾ. ദൈവം ഇയ്യോബിനോട് ഒന്നും വിശദീകരിച്ചില്ല എന്നാൽ അവൻ വന്നു! ഇയ്യോബിനു ഉത്തരങ്ങളല്ല ദൈവമായിരുന്നു ആവശ്യം. നമുക്കും ദൈവമാണ് ആവശ്യം. ദൈവം ദൈവം ആകയാൽ, പിന്നെ, അവൻ എങ്ങനെ അല്ലെങ്കിൽ എന്തുകൊു പ്രാർത്ഥനക്കു ഉത്തരം നൽകുന്നു എന്നു അറിയേത്, വാസ്തവത്തിൽ നമ്മുടെ ആവശ്യമാണോ? നമ്മുടെ ചിന്ത കൂടാതെയോ, ചിന്തക്കപ്പുറമായോ ദൈവം നമ്മെ നയിക്കുകയില്ല, നമ്മുടെ ചിന്ത മൂലമത്രേ. ആരോ പറഞ്ഞു, നിങ്ങൾക്കു ടേപ്പ് കേൾക്കുവാനും, പുസ്തകങ്ങൾ വായിക്കുവാനും, പ്രാർത്ഥനാ കൂട്ടങ്ങളിൽ പങ്കെടുക്കുവാനും കഴിയും; പക്ഷെ പ്രാർത്ഥിച്ചു തുടങ്ങിയാലേ പ്രാർത്ഥന ശീലിക്കുവാൻ കഴിയൂ. പ്രാർത്ഥനയിലേക്കോ അല്ലെങ്കിൽ പ്രാർത്ഥനക്കു പുറത്തേക്കോ നാം നമ്മുടെ തത്വജ്ഞാനം കൊുവരരുത്. ദൈവം നിങ്ങളുടെ പ്രാർത്ഥനക്കു മറുപടി നല്കി എന്നു ബോധ്യമാകുന്നതുവരെ, തിരുവചനപ്രകാരം, പ്രാർത്ഥിക്കുക ... പ്രാർത്ഥിക്കുക ... പ്രാർത്ഥിക്കുക.

## സാധാരണ മനുഷ്യൻ ചോദിക്കുന്നതു<br>എന്തെന്നു അവൻ അറിയുന്നില്ല

ചെറിയ കാര്യങ്ങളിൽ ശ്രദ്ധിച്ച് നാം വളരെ കാര്യങ്ങൾ നഷ്ടമാക്കുന്നു്! യേശു യാക്കോബിനെയും യോഹന്നാനെയും ശാസിക്കുന്നു്. എങ്ങനെയായാലും, മത്തായി 20:20–28 ആദ്യമായിട്ടെന്നപോലെ വായിക്കുക. അമ്മയും മക്കളും യേശുവിന്റെ അടുക്കൽ വന്നു അവനെ നമസ്ക്കരിച്ചു. മനുഷ്യൻ, തന്റെ കഴിവിന്റെ പരമാവധി ചെയ്താലും, പരാജയപ്പെടുന്നു! ആരും പൂർണ്ണരല്ല. അവർ ചോദിച്ചു. യേശുവിന്റെ പ്രതികരണം ശ്രദ്ധിക്കുക: നിനക്കു എന്തു വേണം? (മത്തായി 20:21). നാം ചോദിക്കണം എന്നു യേശു ആഗ്രഹിക്കുന്നു; നമുക്കു നല്കുവാൻ അവൻ ആഗ്രഹിക്കുന്നു. യേശുവിന്റെ അടുക്കൽ വന്നു, ചോദിക്കുന്നതു തെറ്റല്ല.

യേശുവിന്റെ ശാസന, ഗൗരവമുള്ളതും പരുഷവുമായിരുന്നു: നിങ്ങൾ യാചിക്കുന്നതു എന്തെന്നു നിങ്ങൾ അറിയുന്നില്ല (വാ.22). രു അടിസ്ഥാന കാരണങ്ങൾ കൊാണ് യേശു അവരുടെ അപേക്ഷ നിരാകരിച്ചത്: (1) അവരുടെ അപേക്ഷ അവരെയും മറ്റുള്ളവരേയും ഉപദ്രവിക്കുന്നതാണ്, പിന്നെ (2) ഉപദേശപരമായി അത് അസാധ്യമായിരുന്നു. ദൈവം യേശുവിനു നൽകിയത് ഒരു സിംഹാസനമല്ല ഒരു ക്രൂശാണ്. യാക്കൊബിന്റേയും യോഹന്നാ

ന്റേയും അപേക്ഷയിൽ മറ്റുശിഷ്യന്മാർക്ക് അവരോടു നീരസമുായി! അവരുടെ അപേക്ഷകൾക്കു അവൻ അനുകൂലിച്ചിരുന്നു എങ്കിൽ സഭയിൽ ഭിന്നത ഉാകുമായിരുന്നു. ചിലപ്പോൾ നമ്മുടെ അപേക്ഷ നിരാകരിക്കുമ്പോഴാണ് ഏറ്റവും നല്ല മറുപടിയായിതീരുന്നത്. അവരുടെ കാര്യത്തിൽ അതാണ് സംഭവിച്ചത്. മറുപടി ലഭിക്കാത്ത പ്രാർത്ഥനയിൽ ഉാകുന്നതിനേക്കാൾ കണ്ണുനീർ പ്രാർത്ഥനക്കു മറുപടി കിട്ടുമ്പോഴാണ് എന്ന്, ആരോ പറഞ്ഞിട്ടു്. പ്രാർത്ഥനക്കു ദൈവം ഇല്ല എന്നു മറുപടി പറഞ്ഞതിനു നന്ദി പറയേിവരുന്ന ധാരാളം കാര്യങ്ങൾ എന്റെ ജീവിതത്തിൽ ഉായിട്ടു്. ചിന്ത-ഇല്ലാത്തതും, സ്വാർത്ഥവുമായ പ്രാർത്ഥന നമ്മെ വേദനിപ്പിക്കുന്നു. അവ അധികം മിഠായി ആവശ്യപ്പെടുന്ന കുട്ടികളെപോലെ ആണ്.

നമ്മുടെ വേദഭാഗം മുന്നോട്ട് വായിക്കുക. മക്കൾക്കു മഹത്വമല്ല, യാഗമാണ് കൊടുത്തത്. *ദൈവത്തിൽനിന്നു നമുക്ക് കിട്ടുന്നതല്ല, നമ്മിൽനിന്നു ദൈവത്തിനു കിട്ടുന്നതാണ് വിജയകരമായ പ്രാർത്ഥന.* ആ നിരീക്ഷണം നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ പ്രാധാന്യമുള്ളതാണ്. നമുക്ക് നന്നായി തോന്നേതിനല്ല പ്രാർത്ഥന രൂപപ്പെടുത്തിയിരിക്കുന്നത് മറിച്ച് അതു നമ്മെ താഴ്മയുള്ളവരാക്കി തീർക്കേതിനത്രേ. പ്രാർത്ഥന ചിന്തിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ, സൂക്ഷിക്കുന്നതിനോ, കഷ്ടതയനുഭവിക്കുന്നതിനോ, നൽകുന്നതിനോ പകരം ഉള്ളതല്ല. അവയുടെ എല്ലാം അടിസ്ഥാനമാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നമ്മിലുള്ള ഏറ്റവും നല്ലതു പുറത്തുവരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്!

യാക്കൊബിനെയും യോഹന്നാനെയും യേശു ഇടിമക്കൾ എന്നാണ് വിളിച്ചിരുന്നത് (മർക്കൊസ് 3:17). അവർ അറിയപ്പെട്ടിരുന്നതിൽനിന്നു കാലവും പക്വതയും അവരെ മാറ്റി. രക്തസാക്ഷിയായി തീർന്ന ആദ്യ അപ്പൊസ്തലനായിരുന്നു യാക്കൊബ്. യോഹന്നാൻ സ്നേഹത്തിന്റെ വിശ്വസ്തനായ അപ്പൊസ്തലനായിതീർന്നു. ഒരിക്കൽ നാം ആഗ്രഹിച്ചിരുന്നതിലേക്ക്, ആത്മാർത്ഥമായി ഒന്നു തിരിഞ്ഞുനോക്കിയാൽ നമുക്കു ഭയമുാകും. ഒരിക്കൽ നാം അതിയായി ആഗ്രഹിച്ചിരുന്നതു ഇപ്പോൾ തിരിച്ചടി ആകുമായിരുന്നു. പ്രാർത്ഥന നമ്മെ മാറ്റുന്നത് അതു നമ്മെ പക്വതയിലെത്തിക്കുന്നതുകൊ ാ ണ് .

**നാം ചോദിക്കുന്നതിനു മുമ്പു തന്നെ ദൈവം അറിയുന്നു**

പ്രാർത്ഥനയിൽ വിശ്വസിക്കുവാൻ, ഒരാൾ അഗാധമായി ചിന്തിക്കുകയും സത്യസന്ധരായിരിക്കയും വേണം. നാം ചോദിക്കുന്നതിനുമുമ്പ് ദൈവത്തിനറിയാം. അപ്പോൾ, സംശയാലു ചോദിക്കും, പിന്നെ, പ്രാർ ത്ഥിക്കുന്നതെന്തിന്? ലളിതമായി പറഞ്ഞാൽ, അതാണ് പ്രാർത്ഥിക്കുവാനുള്ള മുഴുവൻ കാരണങ്ങളും: ... കാരണം നിങ്ങൾ ചോദിക്കുന്നതിനു മുമ്പു തന്നെ, നിങ്ങൾക്ക് എന്താണ് ആവശ്യമെന്നു നിങ്ങളുടെ അപ്പനു അറിയാം (മത്തായി 6:8, 32; ലൂക്കൊസ് 12:30). അപ്പനു ചുറ്റും മക്കൾ കൂടുന്നതുപോലെയാണ് പ്രാർത്ഥന എന്നു യേശു പറഞ്ഞു (മത്തായി 7:11; ലൂക്കൊസ് 11:13). തങ്ങളുടെ കുട്ടികൾ അഗാധമായും സ്ഥിരോൽസാഹത്തോടും അവയെ അന്വേഷിക്കുന്നതുവരെ ചില ആവശ്യങ്ങൾ മാതാപിതാക്കൾ അവർക്കു അനുവദിച്ചുകൊടുക്കാറില്ല.

ഓർമ്മിക്കുക, യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ, എന്നും യേശു പറഞ്ഞു. പ്രാർത്ഥന യാന്ത്രികമോ, മതപരമായ ഇന്ദ്രജാലമോ അല്ല. വളരെ

പെട്ടെന്നു ചില മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കു വളരെയധികം നല്കാറു്. അങ്ങനെയുള്ള കുട്ടികൾ പ്രായപൂർത്തിയെത്തുമ്പോൾ, യഥാർത്ഥജീവിതത്തിനു തയ്യാറെടുക്കാതിരിക്കും. ദൈവം സമ്മാനങ്ങൾ നല്കുന്ന ശാന്തയല്ല. ഉത്തരവാദിത്വമില്ലാത്ത ആഗ്രഹങ്ങൾ അനുവദിച്ചുകൊടുക്കുന്നതു ഹാനികരമാണ്. പ്രാർത്ഥനയിൽ കുട്ടിത്തമല്ല ... ആഴത്തിലുള്ള ആജ്ഞയുൾപ്പെടുന്നു. കുട്ടികൾക്കു ചോദിക്കുന്നതെല്ലാം നല്കിയാൽ അതു അവർക്ക് വിരസതയുളവാക്കും. നമുക്ക് പ്രവർത്തിക്കുവാൻ മനസില്ലാത്തതിനുവേി നാം അപേക്ഷിക്കരുത്. പലരും ഇന്നു ത്യാഗം കൂടാതെ നല്കുവാനും, ഉപവസിക്കാതെ പ്രാർത്ഥിക്കുവാനും, കണ്ണുനീർകൂടാതെ സുവിശേഷവേല ചെയ്യുവാനുമാണ് ആഗ്രഹിക്കുന്നത്. അതു പ്രായോഗികമല്ല! പ്രാർത്ഥനയുടെ ഏറ്റവും വലിയ അവലോകനം പ്രാർത്ഥനക്കു*ശേഷം* നാം എന്തു ചെയ്യുമെന്നതാണ്. പ്രാർത്ഥന അച്ചടക്കമാണ്.

ഖേദകരമെന്നു പറയട്ടെ, ദൈവം ഒരു വഴിയിൽ മാത്രം പ്രവർത്തിക്കുന്നവനാണെന്ന തെറ്റായ ധാരണ നമ്മിൽ പലരിലുമു്. ചിലപ്പോൾ സാഹചര്യങ്ങൾ നന്നാക്കുവാൻ ശ്രമിക്കുന്നതിനു മുമ്പു തന്നെ വഷളാകുമെന്നു ബൈബിൾ പറയുന്നു്. ക്രൂശിന്റെ സത്യം അതാണ്. ക്രൂശില്ലെങ്കിൽ കിരീടമില്ല. നാം പ്രതീക്ഷിക്കുന്നതിന്റെ വിപരീതമായിട്ടുപോലും ഒരുപക്ഷെ ദൈവം പ്രവർത്തിക്കാം. ദൈവത്തിൽനിന്നു അപ്രതീക്ഷിതമായതു പ്രതീക്ഷിക്കുക എന്നതാണ് വിശ്വാസത്തിലെ അടിസ്ഥാന തത്വം. രാത്രിയിൽ ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയുമോ? തുറന്നതും ശൂന്യവുമായ കൈകളിലാണ് ദൈവത്തിനു നൽകുവാൻ കഴിയുക. *ദൈനന്ദിന* ജീവിതത്തിനായി ദൈവത്തിൽ ആശ്രയിക്കുന്നതിനേക്കാൾ *നിത്യ*ജീവനായി ദൈവത്തിൽ ആശ്രയിക്കുന്നതാണ് എളുപ്പമെന്നു തോന്നുന്നു.

തെറ്റായ താഴ്മയുള്ള, മറ്റുള്ളവർ, ദൈവത്തെ ശല്യപ്പെടുത്തേ എന്നു വിചാരിക്കും. നിങ്ങൾ പോയി അവനെ ശല്യപ്പെടുത്തുക! കുട്ടികൾ ചില കാര്യങ്ങളിൽ മാതാപിതാക്കളെ ശല്യപ്പെടുത്തണമെന്നാണ് അവർ കരുതുന്നത്. കുട്ടികൾ വളർന്നു പക്വതയിലെത്തുന്നതു നോക്കി ആസ്വദിക്കുവാനാണ് മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. ദൈവത്തിനു ചെറുതായി ഒന്നുമില്ല; വളരെ വലുതായും ഒന്നുമില്ല. പ്രാർത്ഥനയെ സംബന്ധിച്ച് ചെറുതായ ഒന്ന് ആകുലപ്പെടേതിനും ലഘുവായ ഭാരമാണ്. ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയുന്നതിനപ്പുറമെന്നു ചിന്തിക്കുന്നതു വിശ്വാസക്കുറവുകൊാണ്.

> പ്രാർത്ഥിക്കുന്നതിനു ഭയപ്പെടരുത്; പ്രാർത്ഥിക്കുന്നതു ശരിയാണ്;
> എപ്പോഴെങ്കിലും പ്രാർത്ഥിക്കുമ്പോൾ, പ്രത്യാശയോടെ പ്രാർത്ഥിക്കുക,
> പ്രത്യാശ ബലഹീനമായാലും നീ കാലം കാത്തിരിക്കേി വന്നാലും.
> വെളിച്ചമില്ലെങ്കിലും ഇരുട്ടിലും പ്രാർത്ഥിക്കുക:
> പ്രാർത്ഥിപ്പാൻ ധൈര്യമില്ലാത്ത കാര്യമുങ്കെിൽ,
> അതു നീങ്ങിപ്പോകുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക!

### നമുക്ക് ദൈവത്തെ മാറ്റുവാൻ കഴിയുമോ?

മനുഷ്യനു സർവ്വശക്തനായ ദൈവത്തെ മാറ്റുവാൻ കഴിയുമോ? എന്തൊരു ഭയങ്കരവും, പവിത്രവുമായ നേട്ടം! നല്ല ഉത്തരങ്ങൾ കിട്ടിയിരുന്നെങ്കിൽ എന്ന് എനിക്ക് ആഗ്രഹമു്! പരിമിതിയുള്ള, തെറ്റുള്ള, വീണുപോകാൻ സാധ്യത

യുള്ള മനുഷ്യനു തെറ്റുപറ്റാത്ത ദൈവത്തെ മാറ്റുവാൻ കഴിയുമോ? *ആ ചിന്ത യുക്തിഹീനമാണോ?* പുറപ്പാട് 32:14–ൽ മോശെ ചെയ്തിട്ടു്. 2 രാജാക്കന്മാർ 20:1–6 ൽ ഹെസെക്കിയാവും ചെയ്തിട്ടു്! മറ്റുള്ളവർ പ്രാർത്ഥിച്ചു മഹത്തായ ഉത്തരങ്ങൾ ലഭിച്ചവരായിട്ടു്! ദൈവത്തിന്റെ താഴ്മ! ദൈവത്തിന്റെ സാഹസം! എന്തൊരു ദൈവം! നമ്മുടെ വേദഭാഗത്തിൽ പറഞ്ഞ, യാക്കൊബിനെയും യോഹന്നാനെയും പോലെയുള്ള, മറ്റുള്ളവർ പരാജയപ്പെട്ടു. ദൈവത്തോടു മനുഷ്യൻ ഒരു നിർദ്ദേശം നൽകുക എന്നതു അവിശ്വസനീയം തന്നെ! എങ്ങനെയായാലും, പ്രാർത്ഥന അന്ധവിശ്വാസമല്ല. ദൈവം ഒരു മാന്ത്രികനോ ഇൻഷ്വറൻസ് കമ്പനിയോ അല്ല. തങ്ങളുടെ മക്കൾ ചോദിക്കണമെന്നാണ് ബുദ്ധിയുള്ള മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. വിവേകമുള്ള ആവശ്യങ്ങളെ അവർ ആദരിക്കുന്നു, എന്നാൽ സ്വാധീനത്തിലുള്ള അപേക്ഷകൾ നിരാകരിക്കയും ചെയ്യും. ദൈവം ക്ഷുദ്രാലങ്കാരത്തെയും, വിഗ്രഹങ്ങളേയും, ബാലിശ വാഗ്ദാനങ്ങളെയും വെറുക്കുന്നു. ദൈവം ഉള്ളത് വിഗ്രഹങ്ങളിലോ കൊന്ത എണ്ണുന്നതിലോ അല്ല.

പ്രാർത്ഥന ഒരു തർക്കമല്ല. ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി നമുക്ക് അവനോടു സംസാരിക്കുവാൻ സാധ്യമല്ല. ദൈവം മടി കാണിക്കുന്നവനല്ല അവൻ മനസ്സുള്ളവനാണ്. ദൈവത്തെ താഴ്ത്തുന്ന രീതിയിൽ നാം സംസാരിക്കരുത്, മറിച്ച് നമ്മെ അവനിലേക്ക് ഉയർത്തണം. പ്രാർത്ഥന എന്നാൽ നാം ദൈവത്തെ ഉപയോഗിക്കുന്നതല്ല, പിന്നെയോ ദൈവം നമ്മെ ഉപയോഗിക്കുന്നതാണ്. ദൈവത്തെ പരിശോധിക്കുന്ന രീതി എത്ര മിതമായാലും, അതു അറിയാതെയുള്ള ദൈവദൂഷണമാണ്. സൗഹൃദത്തെ ഉപയോഗിക്കുക എന്നതു സൗഹൃദത്തെ ദുർവിനിയോഗം ചെയ്യുകയാണ്.

**മറ്റുള്ളവരെയും പരിഗണിക്കണം**

യാക്കൊബിനോടും യോഹന്നാനോടും മറ്റു അപ്പൊസ്തലന്മാർക്കു നീരസമുായതിന്റെ കാരണം ഒരുപക്ഷെ ആ അപേക്ഷ അവരിൽ നിന്നും ആദ്യം ഉായില്ലല്ലൊ എന്നതുകൊാകാം! ഒരാൾ മഴക്കുവേി പ്രാർത്ഥിക്കും; മറ്റൊരാൾ സൂര്യപ്രകാശത്തിനുവേി പ്രാർ ത്ഥിക്കും. പ്രാർത്ഥനക്കു രും ഇല്ലാതാക്കാം. നീതിമാന്റെ മേലും ദുഷ്ടന്റെ മേലും പ്രകൃതി (ദൈവം) മഴ പെയ്യിക്കുന്നു. ദൈവത്തിന്നു തന്നെ വൈപരീത്യത്തിലാക്കുവാൻ കഴിയുകയില്ല. ഭൂമിയിലുള്ള അഞ്ചു ദശലക്ഷം ആളുകൾക്കും കൊടുക്കുവാനായി, ദൈവത്തിന്റെ കയ്യിൽ ധാരാളമു്!

അതെ, അതു തിരിച്ചറിയുക! വളരെയധികം പ്രാർത്ഥന യുവസഹജമാണ്. അവർ തെറ്റിലും സ്വാർത്ഥതയിലുമാണ്! ആ വസ്തുത നമ്മുടെ വേദഭാഗം വ്യക്തമാക്കുന്നു. നാം യാക്കൊബിനെയും യോഹന്നാനെയും നീരസത്തോടെയാണ് ആദ്യം നോക്കുന്നത്, പിന്നെ സഹതാപത്തോടെയും, അതിനുശേഷം രസകരമായും. അവർ നമ്മെപോലെ ആയിരുന്നു! നമ്മുടെ പ്രാർത്ഥനകളെക്കുറിച്ച് അവർ എന്തു വിചാരിക്കും?

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***